**അറിയിപ്പ്**

കാര്യോപദേശക സമിതിയുടെ 16-ാമത് റിപ്പോർട്ടിനുള്ള ഭേദഗതി

മി. സ്പീക്കർ: 2019 ഒക്ടോബർ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 16-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവ യഥാക്രമം 2019 നവംബർ 13, 14 തീയതികളിൽ സഭയുടെ പരിഗണനയ്ക്കായി വരുന്നതാണ്. എന്നാൽ ഭരണപരമായ കാരണങ്ങളാൽ പ്രസ്തുത ബില്ലുകളുടെ പരിഗണനാ തീയതികൾ പരസ്പരം മാറ്റിനൽകണമെന്ന് ബന്ധപ്പെട്ട മന്ത്രിമാർ അഭ്യർത്ഥിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ 2019 ഒക്ടോബർ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 16-ാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സഭയുടെ അനുമതിയോടെ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് 2019 നവംബർ 13, 14 തീയതികളിൽ സഭ പരിഗണിക്കാനിരിക്കുന്ന മേൽപ്പറഞ്ഞ രണ്ട് ബില്ലുകളുടെയും പരിഗണനാ തീയതികൾ പരസ്പരം മാറ്റി

നിശ്ചയിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കാര്യോപദേശക സമിതിയിലെ ഭേദഗതി അംഗീകരിക്കുന്നു. പക്ഷെ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുണ്ട്, ഇക്കാര്യം ഞങ്ങളോട് പറയാമായിരുന്നു. സഭയുടെ കീഴ്വഴക്കം അതാണ്. അല്ലാതെ അങ്ങ് പറയുമ്പോൾ മാത്രമാണ് ഞങ്ങൾ ഇത് അറിയുന്നത്.

മി. സ്പീക്കർ: അറിയിച്ചിട്ടില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ആരും അറിയിച്ചിട്ടില്ല, ആരും പറഞ്ഞതുമില്ല.

മി. സ്പീക്കർ: ഇക്കാര്യം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കാം.